the last three years 1103 to 1105 motor cars, boats and saloons belonging to the Darbar and whether they have drawn travelling allowance on such occasions and if so, how much they have paid for such use?

Rama Varmha Tampuran.—A statement showing the details as regards boats is appended. (*Vide Appendix X.*)

No record is kept of the journeys made by officers in Government cars.

Visit of the Diwan to Cranganur.

ന.ന.വ. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—താഴെ കാണുന്ന ചോദ്യങ്ങൾക്ക ദയവായി ഉത്തരം നല്കുമൊ.—

(a) വൃശ്ചികമാസത്തിൽ ദിവാൻജി അവർകൾ കൊടുങ്ങല്ലൂർ സന്ദർശിക്കയുണ്ടായൊ;

(b) ദിവാൻജി അവർകൾ ഈ സന്ദർശനവേളയിൽ താമസിച്ചിരുന്നതു് എവിടെയാണു്;

(f) മാന്യസന്ദർശകന്മാർക്കു് താമസിക്കുവാൻ തക്കവണ്ണം കൊടുങ്ങല്ലൂരിൽ കെട്ടിടങ്ങളുണ്ടൊ

(g) കൊടുങ്ങല്ലൂരും കുരുപ്പടന്നയും തമ്മിൽ ബന്ധിക്കപ്പെടായ്കയാൽ ജനങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങൾ ദിവാൻജി അവർകൾക്കു് അനുഭവപ്പെട്ടുകയുണ്ടായൊ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—(a) ഉവ്വു്.

(b) കുരുപ്പടന്നയിൽ താമസിക്കുന്ന അവസരത്തിലാണു് കൊടുങ്ങല്ലൂർ സന്ദർശിച്ചതു്.

(f) പ്രസ്തുത ആവശ്യങ്ങൾക്കു് കൊടുങ്ങല്ലൂരിൽ Staff Quarters ഉണ്ടു്.

(g) വസ്തുത ദിവാൻജിയുടെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടു്.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ—ദിവാൻജി അവർകൾ കൊടുങ്ങല്ലൂർ സന്ദർശിച്ച അവസരത്തിൽ അവിടെനിന്നും വല്ല അപേക്ഷകളൊ നിവേദനങ്ങളൊ കിട്ടുകയുണ്ടായൊ?

രാമവർമ്മതമ്പുരാൻ.—ഇപ്പോൾ തീച്ചപറയാൻ സാധിക്കയില്ല. നോട്ടീസുവേണം.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—സ്റ്റാഫ് കാട്ടേഴ്സ് എന്നു പറഞ്ഞിരിക്കുന്നതു് സത്രത്തെ ഉദ്ദേശിച്ചാണൊ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—അതെ.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—അവിടെ എല്ലാ സമുദായക്കാർക്കും പ്രവേശനമുണ്ടൊ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—ഉണ്ടെന്നാണു് തോന്നുന്നതു എനിക്കു തീർച്ചയില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—ദിവാൻജി അവർകളെ അതുപോലുള്ള മറ്റു മാന്യന്മാരെ കൊടുങ്ങല്ലൂരിൽ വന്നാൽ അവിടെ താമസിക്കാൻ സൌകര്യമുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—സ്റ്റാഫ് കാർട്ടേഴ്സിൽ ഉദ്യോഗസ്ഥന്മാർക്കു താമസിക്കുന്നതിനു വിരോധമില്ല.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—ഏതു സമുദായത്തിൽ പെട്ടവർക്കും അവിടെ പ്രവേശനമുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—അതിനു മറുപടി ഞാൻ പറഞ്ഞുകഴിഞ്ഞിരിക്കുന്നു.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—ഉദ്യോഗസ്ഥന്മാർ ഏതു സമുദായത്തിൽ പെട്ടവരായാലും അവിടെ താമസിക്കാമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—അതു ഞാൻ പറഞ്ഞുകഴിഞ്ഞില്ലെ?

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—പറഞ്ഞതു മനസ്സിലായില്ല. ഒന്നുകൂടി കേട്ടാൽകൊള്ളാം.

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—എനിക്കു നല്ല തീർച്ചയില്ല (ചിരി).

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—കൊടുങ്ങല്ലൂരിലെ സ്റ്റാഫ് കാർട്ടേഴ്സിൽ എല്ലാ സമുദായക്കാർക്കും പ്രവേശനം ഉണ്ടോ എന്നാണു ചോദിച്ചതു. അതു ചീഫ് ഇഞ്ചിനീയർ അവർകൾക്കു അറിയാൻ പാടില്ലെങ്കിൽ മറ്റേതെങ്കിലും ഗവൺമെൻറു മെമ്പർമാർ പറഞ്ഞാൽ കൊള്ളാം.

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—നോട്ടീസ് വേണം.

Tramway to Vypeen.

339. Mr. A. K. Kunhi Moideen.—(a) With reference to the answer to question No. 122 (c) of the Legislative Session of this year will the Government be pleased to state.—

(a) ഈ സംഗതിയെക്കുറിച്ചു് ആലോചിക്കയുണ്ടായോ:

(b) തീരുമാനമെന്തു്?

മിസ്റ്റർ വി, കെ. അരവിന്ദാക്ഷമേനോൻ,—(a) ആലോചിക്കുന്നതിനു സമയമായിട്ടില്ല.

(a) (b) യിലെ ഉത്തരം നോക്കുക,

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—കൊടുങ്ങല്ലൂർ അതത്തായിൽ ടാംവെ ഏർപ്പെടുത്തണമെന്നുള്ള സംഗതിയെക്കുറിച്ചു് പൊതുജനാഭിപ്രായത്തെ ക്ഷണിച്ചുകൊണ്ടു് ഗസറ്റിൽ പരസ്യം ചെയ്തിട്ടു എത്ര ഖണ്ഡനമണ്ഡനങ്ങൾ കിട്ടീട്ടുണ്ടു?

രാമവർമ്മതമ്പുരാൻ.—രണ്ടോ മൂന്നോ;

LIBRARY ARCHIVES Kerala Legislative Assembly